## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 680 — 11-06-2014-ൽ മറുപടിയ്ക്ക്

### പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കൊടിയേരി ബാലകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് ചിക്കുൻ ഗുനിയ, ഡങ്കിപ്പനി, തക്കാളിപ്പനി, മലമ്പനി, എച്ച്1. എൻ1. പനി, മറ്റിതര പകർച്ചപ്പനികൾ എന്നിവ ബാധിച്ച് എത്രപേർ സർക്കാർ - സ്വകാര്യ ആശുപത്രികളിൽ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ; | (എ) പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനും മഴക്കാല പൂർവ്വ ശുചീകരണത്തിനുമായി സർക്കാർ ഈ സാമ്പത്തിക വർഷം എത്ര തുക നീക്കിവെച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ; | (ബി) പകർച്ച വ്യാധികൾ തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കും വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച 420 ലക്ഷം രൂപയിൽ നിന്നും 181.35 ലക്ഷം രൂപ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ള കണക്ക് ഇനിമേൽ മാത്രമേ ജില്ലകളിൽ നിന്നും ലഭിക്കുകയുള്ളൂ. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ? | (സി) പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി |

[മറുപുറം]

അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നു വരുന്നു. മുഖ്യമന്ത്രിയുടേയും, ആരോഗ്യ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിലും ജില്ലകളിലും താഴെതട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വ ത്തിലും പ്രവർത്തന പുരോഗതി വിലയിരു ത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാ ക്കുകയും ചെയ്തു. ആരോഗ്യ പ്രവർത്ത കർക്ക് ആവശ്യമായ പരിശീലനം കൊടുത്തു, കൈപ്പുസ്തകങ്ങളും, ചികിത്സാ മാർഗ്ഗ രേഖകളും തയ്യാറാക്കി. മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണ കാമ്പെയിനുകൾ, ജല ശുദ്ധീകരണ കാമ്പെയിനുകൾ, തുടങ്ങിയവ നടപ്പിലാക്കി. ഐ.ഡി.എസ്.പി. വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണം നടത്തി രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള, സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ സ്വീകരിച്ച് വരുന്നു. കൊതുക് നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി. മരുന്ന്, കൊതുക് നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ, മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി. വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ച വ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി.

സെക്ഷൻ ഓഫീസർ

അനുബന്ധം

District wise confirmed Death details due to communicable diseases in Govt. Hospitals
(2011 May-2014*May)

| District | Fever | Dengue | Leptospirosis | H1N1 | Chikungunya | Malaria |
|---|---|---|---|---|---|---|
| | 2011 may - 2014 may | 2011 may - 2014 may | 2011 may - 2014 may | 2011 may - 2014 may | 2011 may - 2014 may | 2011 may - 2014 may |
| TVM | 23 | 10 | 3 | 4 | 0 | 0 |
| KLM | 5 | 7 | 5 | 8 | 0 | 0 |
| PTA | 0 | 8 | 7 | 0 | 0 | 0 |
| IDK | 2 | 4 | 3 | 0 | 0 | 0 |
| KTM | 0 | 9 | 12 | 0 | 0 | 2 |
| ALP | 0 | 2 | 12 | 0 | 0 | 0 |
| EKM | 1 | 5 | 14 | 0 | 0 | 0 |
| TSR | 17 | 0 | 17 | 2 | 0 | 1 |
| PKD | 3 | 3 | 8 | 3 | 0 | 1 |
| MLP | 1 | 3 | 10 | 3 | 0 | 0 |
| KKD | 2 | 0 | 4 | 3 | 0 | 0 |
| WYD | 0 | 0 | 9 | 4 | 0 | 0 |
| KNR | 0 | 2 | 2 | 1 | 0 | 0 |
| KSD | 1 | 1 | 13 | 1 | 0 | 0 |
| Kerala | 55 | 54 | 119 | 29 | 0 | 4 |

2014* data is provisional

SO